(ബി) 31-3-2015-ലെ കണക്കു പ്രകാരം വൈദ്യുതി ചാർജ്ജ് കുടിശ്ശിക വരുത്തിയിട്ടുള്ള കേന്ദ്ര-സംസ്ഥാന-അർദ്ധസർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളുടെ കുടിശ്ശിക തുക ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	സ്ഥാപനങ്ങൾ	തുക കോടിയിൽ
1	കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ	2.25
2	സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ	122.83
3	കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ	32.32
4	സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ	975.86
5	സ്വയംഭരണ സ്ഥാപനങ്ങൾ	0.19
	ആകെ	1133.45

(സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധം 1 മുതൽ 5 വരെ കാണിച്ചിരിക്കുന്നു)*

(സി) 31-3-2015-ലെ കണക്കു പ്രകാരം സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും കൂടി 596.38 കോടി രൂപ കുടിശ്ശിക ഇനത്തിൽ അടയ്ക്കാനുണ്ട്.

(ഡി) കുടിശ്ശിക വരുത്തിയവർക്കെതിരെ വൈദ്യുതി ബന്ധം വിച്ഛേദിക്കൽ, തവണ വ്യവസ്ഥകൾ അനുവദിക്കൽ ഒറ്റത്തവണ തീർപ്പാക്കൽ, റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തൽ മുതലായവ സ്വീകരിച്ചുവരുന്നു.

കെ.എസ്.ഇ.ബി.-യിൽ പെൻഷൻ ഫണ്ടും മാസ്റ്റർ ട്രസ്റ്റും

12(2000) ശ്രീ ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ പെൻഷൻ നൽകുന്നതിനായി ഒരു പെൻഷൻ ഫണ്ടും പ്രസ്തുത ഫണ്ട് മാനേജ് ചെയ്യുന്നതിനായി ഒരു മാസ്റ്റർ ട്രസ്റ്റും രൂപീകരിക്കുമെന്ന കമ്പനിവൽക്കരണ കൈമാറ്റ പദ്ധതിയിലെയും കെ.എസ്.ഇ.ബി. പുനഃസംഘടനയോടനുബന്ധിച്ച് ഉണ്ടാക്കിയ ത്രികക്ഷി കരാറിലെയും വ്യവസ്ഥകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പെൻഷൻ ഫണ്ട് രൂപീകരണത്തിന്റെയും മാസ്റ്റർ ട്രസ്റ്റ് രൂപീകരണത്തിന്റെയും പുരോഗതി അറിയിക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നാളിതുവരെ എത്ര തുക പെൻഷനിൽ നിക്ഷേപിച്ചിട്ടുണ്ട്;

(ഡി) മാസ്റ്റർ ട്രസ്റ്റ് രൂപീകരിക്കുന്നതിലേക്ക് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ; പ്രസ്തുത ട്രസ്റ്റിലെ അംഗങ്ങൾ ആരൊക്കെയാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിനുള്ള മാസ്റ്റർ ട്രസ്റ്റിന്റെ രജിസ്ട്രേഷൻ 12-2-2015-ന് നടത്തുകയുണ്ടായി. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എംപ്ലോയീസ് മാസ്റ്റർ പെൻഷൻ ആന്റ് ഗ്രാറ്റുവിറ്റി ട്രസ്റ്റിന്റെ ആദ്യയോഗം 16-4-2015-ന് ചേരുകയുണ്ടായി. ട്രസ്റ്റിന്റെ പേരിൽ ബാങ്ക് അക്കൗണ്ട് തുറക്കുന്നത് ഉൾപ്പെടെയുള്ള പ്രാഥമിക നടപടികൾ നടന്നുവരുന്നു.

(സി &ഡി) 28-1-2015-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവുപ്രകാരം 31-10-2013-ന് കണക്കാക്കിയ ആക്ച്യുറിയൽ വാല്യുവേഷൻ അനുസരിച്ച് പെൻഷൻ ബാധ്യത 12,419 കോടി രൂപയാണ്. ഈ തുകയിൽ 524 കോടി രൂപ സർക്കാർ ബഡ്ജറ്റിലുൾപ്പെടുത്തി കെ.എസ്.ഇ.ബി. ലിമിറ്റഡിന് നൽകുന്നതും ബാക്കി തുകയായ 11,895 കോടി രൂപയ്ക്ക് മാസ്റ്റർ ട്രസ്റ്റിന് ബോണ്ടുകൾ നൽകുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡിനെ സർക്കാർ അനുവദിച്ചിട്ടുള്ളതുമാണ്. ഇതിൽ 5861 കോടി രൂപ സംസ്ഥാന സർക്കാർ അടുത്ത പത്തു വർഷംകൊണ്ട് ഫണ്ടു ചെയ്യുന്നതിലേയ്ക്കായി ഇലക്ട്രിസിറ്റി ഡ്യൂട്ടിയിനത്തിൽ പിരിച്ചെടുത്ത തുക ഉപയോഗിക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡിനെ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള ജീവനക്കാർക്കും പെൻഷൻകാർക്കും പുറമേ സർവ്വീസിലിരിക്കെ ശാരീരികാവശതയിലാവുകയും തുടർന്ന് ജോലി ചെയ്യാൻ കഴിയാത്തവർക്കും അവരുടെ പിൻഗാമികൾക്കും ആനുകൂല്യങ്ങൾ ഉറപ്പാക്കത്തക്ക രീതിയിലാണ് മാസ്റ്റർ ട്രസ്റ്റ് രൂപീകരിച്ചിട്ടുള്ളത്. 24-11-2014-ലെ ജി.ഒ. (എം.എസ്.) നം. 39/14/ഊ.വ പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ട്രസ്റ്റ് ഡീഡ് & ബൈലായ്ക്ക് അനുസൃതമായിട്ടാണ് മാസ്റ്റർ ട്രസ്റ്റ് പ്രവർത്തിക്കുക. മാസ്റ്റർ ട്രസ്റ്റിലെ അംഗങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു :

1. ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്-ചെയർമാൻ ആന്റ് ട്രസ്റ്റി.
2. ഡയറക്ടർ (ഫിനാൻസ്), കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്- കൺവീനർ ആന്റ് ട്രസ്റ്റി.
3. ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ ആന്റ് സേഫ്റ്റി) - ട്രസ്റ്റി.

LIBRARY ARCHIVES Kerala Legislative Assembly

4. ഡയറക്ടർ (ട്രാൻസ്മിഷൻ ആന്റ് സിസ്റ്റം ഓപ്പറേഷൻ) - ടസ്റ്റി.

5. ഡയറക്ടർ (ജനറേഷൻ-സിവിൽ)-ടസ്റ്റി.

6. സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ) - സെക്രട്ടറി ആന്റ് ടസ്റ്റി.

7. ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.) - ടസ്റ്റി.

8. ഫിനാൻഷ്യൽ അഡ്വൈസർ - ടഷറർ ആന്റ് ടസ്റ്റി.

9. തൊഴിലാളികളുടെയും ആഫീസർമാരുടേയും പ്രതിനിധികൾ.

കെ.എസ്.ഇ.ബി.-യിലെ ജീവനക്കാർ

13(2001) ശ്രീ ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ ആകെ എത്ര ജീവനക്കാരാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി പ്രതിമാസം എന്ത് തുക വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ ;

(സി) ആകെയുള്ള ജീവനക്കാരിൽ ഓഫീസർമാരുടെയും വർക്കർമാരുടെയും എണ്ണം എത്ര വീതമാണെന്ന് പ്രത്യേകമായി വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ആകെ 33477 ജീവനക്കാർ ജോലി ചെയ്യുന്നു.

(ബി) 2013-14 സാമ്പത്തിക വർഷത്തെ താത്കാലിക കണക്കുകൾ പ്രകാരം ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകളുമായി പ്രതിമാസം ശരാശരി 139.98 കോടി രൂപ വേണ്ടി വരുന്നുണ്ട്.

(സി) ഓഫീസർ - 4736

വർക്ക്മെൻ - 28741

LIBRARY ARCHIVES Kerala Legislative Assembly